(ബി) ഈ റൂട്ടുകളിലെ ഗതാഗത സ്തംഭനം കണക്കിലെടുത്ത് മേൽപ്പാലം നിർമ്മാണം ഉടൻ ആരംഭിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ആലപ്പുഴ എൻ.എച്ച്. ബൈപ്പാസിലെ റെയിൽവേ മേൽപ്പാലങ്ങളുടെ പണി

237 (5127) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എൻ. എച്ച്. ബൈപ്പാസിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പാലം നിർമ്മിച്ചാൽ തിരുവനന്തപുരം-കാസർഗോഡ് യാത്രയിൽ അരമണിക്കൂർ സമയലാഭവും അപകടരഹിതവും ഇന്ധന ലാഭത്തോടുകൂടിയതുമായ യാത്ര സാധ്യമാകുമെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി എന്തെല്ലാം ശ്രമങ്ങളാണ് നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ - സി) നാഷണൽ ഹൈവേ ആറുവരി പാതയാക്കുന്നതിന്റെ ഭാഗമായി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തങ്ങൾ നിർത്തിവയ്ക്കാൻ നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചതുകൊണ്ടാണ് പ്രസ്തുത മേൽപ്പാലത്തിന്റെ പണി നിർത്തിവച്ചിരിക്കുന്നത്.

താനൂർ-ദേവദാർ മേൽപ്പാല നിർമ്മാണത്തിന് അനുമതി

238 (5128) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ-ദേവദാർ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകും ;

(ഡി) എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly